# എടുത്തു മാറ്റപ്പെടുന്ന മുന്തിരിത്തോട്ടം

**വി. മത്തായി 21/33-46, വി. ലൂക്ക 20/9-46, വി മർക്കോസ് 12/1-13**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

യേശുവിനെ നാഥനായി സ്വീകരിച്ച് പരിശുദ്ധാത്മാവിൽ നയിക്കപ്പെടുന്ന ജീവിതം ഫലമുളവാക്കും, സ്വർഗ്ഗീയപിതാവിന് പ്രീതികരമാകും. യേശുവിനെ ഹൃദയത്തിനും, കുടുംബത്തിനും പുറത്തുനിറുത്തുന്ന ജീവിതം, മനസ്സാക്ഷിയെ ധിക്കരിച്ച് ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ചുള്ള ജീവിതം, ചീട്ടുകൊട്ടാരം പോലെ തകരും. വേലിതന്നെ വിളവുതിന്നുന്ന കാഴ്ചയാകുമത്. മുന്തിരിത്തോട്ടം അടുത്തറിയുന്നവരോട് സംസാരിക്കുന്ന ഈശോയെ ഇവിടെ കാണാം. മധുരമായ ഒരു ഉപമ പറഞ്ഞ് യേശു തർക്കത്തിലേർപ്പെടുന്നു.

ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തിന്റെ തകർച്ചയാണ് വിഷയം. നല്ല വിളവുണ്ടായിട്ടും തോട്ടം ഉടമയ്ക്ക് വിഹിതം കിട്ടുന്നില്ല. ഉള്ളം കയ്യിൽ കർത്താവ് കാത്തവർ ദൈവത്തോട് നിർവ്വികാരത പുലർത്തി. നല്ല ഫലം പുറപ്പെടുവിക്കാനോ, ഔദാര്യമുള്ള കൃഷിക്കാരാകാനോ തയ്യാറാല്ലാതെ, നന്മയ്ക്കുപകരം തിന്മയും, അദ്ധ്വാനത്തിനു പകരം അതിക്രമവും പ്രവർത്തിച്ചു. പഴയ ഈസ്രായേൽ കാട്ടുകല്ലായി തള്ളിക്കളഞ്ഞ യേശു മൂലക്കല്ലായി ത്തീരുന്നു.

## ഒറ്റനോട്ടത്തിൽ

| ഉപമ | അന്ന് | ഇന്ന് |
|---|---|---|
| 1) മുന്തിരത്തോട്ടം | ഈസ്രായേൽ | സഭ |
| 2) ഉടമസ്ഥൻ | ദൈവം | ദൈവം |
| 3) കൃഷിക്കാർ | ഈസ്രയേൽജനം | സഭാതനയർ |
| 4) ഭൃത്യന്മാർ | പ്രവാചകർ | പ്രവാചകരും വിശുദ്ധരും |
| 5) മകൻ | യേശു | യേശു |
| 6) മറ്റുള്ളവർ | വിജാതിയർ | അക്രൈസ്തവർ |

## ഏശയ്യാ പ്രവചനം

ഏശയ്യാപ്രവാചകന്റെ പ്രവചനത്തെ പരാമർശിക്കുന്ന ഭാഗവുമായാണ് ഈശോ ഉപമ തുടങ്ങുന്നത്. ഏശയ്യാ 5/2-5. ഫലസമൃദ്ധമായ കുന്നിന്മേൽ വിശിഷ്ടമായ മുന്തിരി നട്ടുപിടിപ്പിച്ചു. കാവൽ മാടം തീർത്തു. ചക്കു കുഴിച്ചിട്ടു. തന്നാലാവുന്നതെല്ലാം ചെയ്തു. പക്ഷേ പ്രതീക്ഷയ്ക്കു വിപരീതമായി കാട്ടുമുന്തിരി (അനീതിയും, നുണയും) വിളഞ്ഞു. കാനാൻ നാട്ടിൽ പറിച്ചു നടപ്പെട്ട ഈസ്രായേലിന്റെ കഥതന്നെയത്രെ അത്. ഈസ്രായേലിൽ വിളഞ്ഞത് രക്തച്ചൊരിച്ചിലും അധർമ്മവുമാണ്.

## സംഘർഷം

യേശുവും യഹൂദനേതാക്കളും തമ്മിലുള്ള സംഘർഷം വർദ്ധിക്കുന്നതാണ് പ്രമേയം. ദൈവാലയ ശുദ്ധീകരണത്തിൽ മുറിവേറ്റ യൂദർ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്തു. അതിനുള്ള മറുപടിയാണ് ഈ കഥ.

## ദൂരേ പോകുന്ന ഉടമകൾ

പാലസ്തീനയിൽ മുന്തിരിത്തോട്ടത്തിന്റെ ഉടമകൾ അക്കാലത്ത് ആഢംബരജീവിതമാണ് നയിച്ചിരുന്നത്. ചുരുക്കമായെ മുന്തിരിത്തോട്ടത്തിലവർ എത്തിയിരുന്നുള്ളു. ചിലർ തോട്ടം പാട്ടത്തിനു കൊടുക്കാറുമുണ്ട്. വിദേശ മുതലാളിമാർക്ക് സ്ഥലവും തോട്ടവും പാലസ്തീനയിൽ അക്കാലത്തുണ്ടായിരുന്നു. വിളവെടുപ്പ് സമയത്ത് ഭൂവുടമ അയക്കുന്ന ദാസന്മാർ വരുമ്പോൾ വിഹിതം നാട്ടുകാർ കൊടുക്കുന്നു.

## ഒരു വ്യഖ്യാനം

കല്പനകൾ കൊണ്ട് വേലി കെട്ടിയത്തോട്ടം. പ്രവാചകരുടെ ജാഗ്രതയുള്ള തോട്ടം. ആത്മീയാചാര്യരായ കൃഷിക്കാർ. താൻ പുത്രനാണെന്നുള്ള തെളിമയുള്ള ക്രിസ്തു. തനിക്കും മുമ്പേ വന്നവരുടെ അന്ത്യമെന്നറിയുന്നവൻ.

## ബന്ധത്തിന്റെ ആഴം

ഈ ഉപമ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ ആഴം വിശദമാക്കുന്നു.

1) ദൈവത്തിന് മനുഷ്യനിലുള്ള വിശ്വാസത്തെ ഏറ്റുപറയുന്നു. കർശനമായ ഒന്നും ഉടമ പറയുന്നില്ല. എന്നാൽ കൃഷിക്കാരുടെ ധാർഷ്ട്യവും അവിശ്വസ്തതയും വഴങ്ങാത്ത പ്രകൃതവും കാണാം. ഞാനെന്റെ ഇഷ്ടം പോലെ ജീവിക്കും എന്നു പറയുന്ന ക്രൂരത.

2) ദൈവത്തിന്റെ ക്ഷമയുടെ പാരമ്യം കാണാം. ആക്രമിക്കുമ്പോഴും, കൊല്ലുമ്പോഴും യജമാനന് പ്രതികാരബുദ്ധിയില്ല. ജോലിക്കാരുടെ മാനസാന്തരം ലക്ഷ്യം വച്ച് കാത്തിരിക്കുന്നു. മനുഷ്യനത് പാഴാക്കുന്നു. ഇവനെക്കൊന്ന് നമുക്ക് ഇവനെകൊന്ന് അവകാശം കൈവശമാക്കാം. (യഹൂദ നിയമപ്രകാരം അവകാശി മരിച്ചാൽ പാട്ടവസ്തു കൃഷിക്കാർക്കുള്ളതാണ്. കൊല്ലാനുള്ള ക്രൂരത കാണിക്കുന്നത് നിയമപ്രകാരം ഭൂമി കൈവശമാക്കാനാണ്.) ഈ ചിന്ത സമൂഹത്തിൽ നടക്കുന്ന സംഭവങ്ങളോട് ചേർത്തുവച്ച് വായിക്കാനാവും.

3) തന്റെ പുത്രനെപ്പോലും മാനിക്കാത്ത ജോലിക്കാരെ പുറത്താക്കലല്ലാതെ മറ്റൊരു മാർഗ്ഗം കാണാതെ വിശ്വസ്തരുടെ കൈകളിൽ തോട്ടം ഏൽപിക്കുന്നു.

## പ്രവാചകരെ അവഗണിച്ചവർ

ദൈവം തുടർച്ചയായി പ്രവാചകരെ അയച്ചിട്ടും ഈസ്രായേൽക്കാർ അവരെ ശ്രവിച്ചില്ലായെന്ന് ജറമിയ പ്രവാചകൻ 7/25-26 ൽ പറയുന്നു.

## തടസ്സം നിന്നവർ

യേശുവിന്റെ പക്കൽ വന്ന് ദൈവത്തിനായി ഫലം പുറപ്പെടുവിക്കുന്നതിൽ നിന്ന് ജനങ്ങളെ യഹൂദനേതാക്കൾ തടഞ്ഞതിനാൽ ദൈവരാജ്യം അവരിൽ നിന്നെടുത്ത് കൂടുതൽ ഫലം നൽകുന്നവരെ ഏൽപിക്കും.

## ഏശയ്യായുടെ ഉപമയ്ക്കു മാറ്റം

പഴയനിയമപരാമർശത്തിൽ നിന്നും ഉടനെ ഉപമയ്ക്കു മാറ്റങ്ങൾ വരുത്തുന്നു കർത്താവ്. വീട്ടുടമ എല്ലാം കൃഷിക്കാരെ ഏൽപിച്ചുപോകുന്നു. മനുഷ്യരിൽ വിശ്വാസമർപ്പിക്കുന്ന ദൈവത്തെ ഉപമ കാട്ടുന്നു. ഒരുപമ കേട്ടുകൊൾവിൻ എന്നു പറയുന്നതിൽ ഭീഷണിയുടെ ധ്വനിയുണ്ട്.

## ജീവിതമെന്ന സർവ്വ സജ്ജമായ തോട്ടം

കാവൽ മാടത്തിനു പകരം കാവൽ ഗോപുരമാണുള്ളത്. തരിശു ഭൂമിയല്ല, നട്ടുപിടിപ്പിച്ച തോട്ടമാണ് കൃഷിക്കാർക്ക് കൈമാറുന്നത്.

ദൈവം മനുഷ്യനുവേണ്ടി എല്ലാം ഒരുക്കുന്നു. അവന്റെ ആവശ്യങ്ങളിൽ തുണയാണ്. സർവ്വം സജ്ജീകരിച്ച്, എല്ലാം ക്രമീകരിച്ച് നമ്മെ അവൻ ഏൽപിക്കുന്നു. അവയെ സംരക്ഷിച്ച് കൂടുതൽ ഫലം പുറപ്പെടുവിക്കും വിധം കിളച്ചൊരുക്കി, വളം ഇടുകമാത്രം നാം ചെയ്താൽ മതി. എല്ലാം ദാനം ചെയ്തവന് ഏറ്റവും നല്ലതിന് അർഹതയുണ്ട്.

സഭയെ വളർത്തുവാനും പരിപാലിക്കുവാനും യേശു നമ്മെ വിളിക്കുന്നു. നാം ദൈവത്തിന്റെ കൈകളിൽ യാത്രചെയ്യുന്നവരാണ്. അവിടുന്നു നമ്മെ കൈപിടിച്ച് നടത്തുന്നു. അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും യേശു ആശ്വസിപ്പിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. സഹിക്കുന്നവരെ താങ്ങുന്നു. ഉപേക്ഷിക്കപ്പെട്ടവരെ സ്വീകരിക്കുന്നു. രോഗികൾക്ക് സൗഖ്യമേകുന്നു. മരിച്ചവരെ ഉയിർപ്പിക്കുവാൻ കരുത്തുണ്ട്.

സ്നേഹിക്കപ്പെടാൻ ആരുമില്ലാത്തവരെ ജീവൻ കൊടുത്തും സ്നേഹിക്കുന്നു. നമ്മെ കാക്കുന്ന ദിവ്യതോട്ടക്കാരൻ. വിജയത്തിന്റെയും സമൃദ്ധിയുടെയും, നേട്ടത്തിന്റെയും ഉറവിടം ഈശോയാണ്. അപകടങ്ങളിൽ നിന്നവിടുന്നു നമ്മെ രക്ഷിക്കുന്നു. പ്രിയപ്പെട്ടവരിലൂടെ നമ്മെ സ്നേഹിക്കുന്നു. ചുറ്റുമുള്ളവരിലൂടെ നമുക്കു തുണയും ആശ്രയവും തരുന്നു.

## ധനം, സനേഹം, പ്രോൽസാഹനം

നമ്മുടെ സഹായം ആവശ്യമുള്ളവരെ സഹായിക്കാതിരിക്കുമ്പോൾ, അനീതിയും അക്രമവും പ്രവർത്തിക്കുമ്പോൾ, ഈശോയ്ക്ക് അർഹമായ സ്ഥാനം കൊടുക്കാതിരിക്കുമ്പോൾ ഫലമന്വേഷിച്ചു വരുന്നവനെ നാം നിഷേധിക്കുകയാണ്. ഈശോ ആവശ്യപ്പെടുന്നതെല്ലാം കലവറകൂടാതെ നൽകാം. ഫലമന്വേഷിച്ച് മനുഷ്യരെയാണ് ദൈവം അയക്കുന്നത് അവരെ നിരസിക്കാതിരിക്കാം. ധനം, കഴിവ്, ആരോഗ്യം, സമയം, സ്നേഹം, പ്രോൽസാഹനം ഇതെല്ലാം ആവശ്യമുള്ളവർക്ക് എല്ലാം ധാരാളമായി നൽകാം. നിന്റെ പങ്കാളി, മക്കൾ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ ഒക്കെ നിന്റെ ജീവിതഫലങ്ങൾ അനുഭവിക്കുവാൻ വരുന്ന ദൈവിക ദൂതരാകാം.

കൊടുക്കാനുള്ളതെല്ലാം ദൈവത്തിന് നേരിട്ട് കൊടുത്തുകൊള്ളാം എന്നു പറയുന്നത് വലിയൊരു പ്രലോഭനമാണ്. ഉടമസ്ഥൻ നേരിട്ടല്ല, ഭൃത്യരെ അയച്ചാണ് ഫലം ശേഖരിക്കുന്നത്. ദൈവത്തിനാരും ഒന്നും നേരിട്ട് കൊടുക്കേണ്ട.

## നാം തന്നെ കൃഷിക്കാർ, മുന്തിരിത്തോട്ടവും

നമ്മുടെയും നമ്മെ ഭരമേൽപിക്കപ്പെട്ടവരുടെയും ജീവിതമാണ് കർത്താവു നമ്മെ ഏൽപിച്ച മുന്തിരിത്തോട്ടം.

## കുരിശു മരണം

അവർ അയാളെ മുന്തിരിത്തോട്ടത്തിനു പുറത്തെറിഞ്ഞു, അയാളെ കൊന്നു എന്ന ഭാഗം യേശുവിന്റെ കുരിശുമരണം ജറുസലേമിനു പുറത്താണ് സംഭവിച്ചത് എന്നതിന്റെ സൂചന നൽകുന്നു.

## ദൈവരാജ്യം ആരുടെയും കുത്തകയല്ല

ഈ ഉപമ ആരെ ഉദ്ദേശിച്ചു ഈശോ പറഞ്ഞുവോ അവരെക്കൊണ്ടുതന്നെ യേശു ഉത്തരവും പറയിക്കുന്നു. ദൈവം അവരോട് പ്രതികാരം ചെയ്യുന്നമെന്ന് അവരെക്കൊണ്ടുതന്നെ പറയിച്ചു. ഫരിസേയരും നിയമജ്ഞരും യേശുവിന് വധിച്ച് അവിടുത്തെ അവകാശം തട്ടിയെടുക്കാൻ ശ്രമിക്കുമ്പോൾ അവർ തന്നെ സ്വന്തം വിധി പ്രഖ്യാപിക്കുന്നു.

“ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകും” എന്നു പറഞ്ഞപ്പോഴാണ് ഉപമ തങ്ങളെക്കുറിച്ചാണെന്ന് ശത്രുക്കൾക്ക് മനസ്സിലായത്. പുതിയജനതയെ സൂക്ഷിപ്പുകാരായി ദൈവം നിയമിക്കുന്നു. യഹൂദരും വിജാതിയരും ചേർന്ന ക്രൈസ്തവ സമൂഹമാണത്. ദൈവരാജ്യം നമ്മിൽ നിന്ന് എടുക്കപ്പെടാതിരിക്കുവാൻ നാം ഫലം പുറപ്പെടുവിക്കണം. മാനസാന്തരം ആവശ്യമില്ലെന്ന് ചിന്തിക്കുന്ന യഹൂദ മതനേതാക്കളെ പോലെയാകരുത് നാം.

## ശിക്ഷ

മതനേതാക്കൾ തലമറന്ന് എണ്ണതേച്ചു. പാളിപ്പോയ വഴികളിലൂടെ നടന്നകാര്യം ഓർമ്മിപ്പിച്ച പ്രവാചകരെ വധിച്ചു. ഏകപുത്രനേയും നശിപ്പിച്ചു. എല്ലാ അധികാരവുമുള്ള തോട്ടക്കാരൻ അവരെ ശിക്ഷിച്ചു.

## ഒടേക്കാരനും സൂക്ഷിപ്പുകാരനും

ദൈവമാണ് എല്ലാറ്റിന്റെയും ഒടേക്കാരൻ. മറ്റുള്ളവർ വെറും സൂക്ഷിപ്പുകാർ മാത്രം. കുറെ നാൾ കൈവശം വച്ച അന്യ സ്വത്ത് സൂക്ഷിക്കുന്ന ആർക്കും വന്നുപോകാവുന്ന തെറ്റിദ്ധാരണയാണ് ഞാൻ തന്നെയാണ് ഒടേക്കാരനെന്ന ചിന്ത.

## ഹൃദയകാഠിന്യം

ചെറിയ അവഗണന, തിരസ്ക്കാരം, നിസ്സഹകരണങ്ങൾ അത്യാഗ്രഹം, പ്രലോഭനങ്ങൾക്ക് വഴിപ്പെടൽ, തുടങ്ങി സമ്പൂർണ്ണ നാശത്തിൽ വിരാമമിടുന്ന അനേകം ജീവിതങ്ങൾ നാം കാണുന്നു. വ്യക്തിയോ, സമൂഹമോ നിരന്തരമായി ദൈവസ്വരത്തെ തിരസ്ക്കരിക്കുന്നതാണ് ഹൃദയകാഠിന്യം. ദുരന്തം അങ്ങനെ ഒരാളുടെ ഉള്ളിൽ നിന്നു വരുന്നു.

## വചനത്തെ പുറത്താക്കുന്നവർ

ദൈവത്തിൽ നിന്നകന്നു ജീവിക്കുന്നവരും തെറ്റുകളുടെ ആവർത്തനം കൊണ്ട് തഴക്കം വരുന്നവരും കഠിനഹൃദയരായിത്തീരുന്നു. ദൈവത്തിന്റെ ആഹ്വാനങ്ങളേയും മുന്നറിയിപ്പുകളേയും അവർ തിരിച്ചയക്കുകയും, പുറത്തേക്ക് എറിയുകയും ചെയ്യുന്നു, കൊന്നു കളയുകയും ചെയ്യുന്നു. വചനം സ്വീകരിച്ചാൽ നന്നാവേണ്ടി വരും, ജീവിതരീതി മാറ്റേണ്ടി വരും. കൊച്ചു സന്തോഷങ്ങൾ വേണ്ടെന്നു വയ്ക്കേണ്ടിവരും.

ശിലാഹൃദയം വചനം കേട്ട്, പ്രമാണങ്ങൾ പാലിച്ച്, അനുതപിച്ച്, ആത്മാവിനെ സ്വീകരിച്ച് നമ്മുടെ വഴികളെ പരിശോധിച്ച് മാംസളമാക്കാം.

ഉത്തരവാദിത്വങ്ങളോ, കടമകളോ, ദൗത്യങ്ങളോ ഇല്ലാത്ത ഒരു സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്കല്ല ദൈവം നമ്മെ അയച്ചിരിക്കുന്നത്. ഗുരുഭൂതരെ മാനിക്കാത്ത, മാതാപിതാക്കളൊരുക്കുന്ന വേലികൾ തകർക്കുന്ന സാമൂഹ്യാവസ്ഥയാണ് നമുക്ക് ചുറ്റും.

## ഇതു മറക്കരുതേ

ദൈവസാന്നിധ്യം തങ്ങളുടെ ജീവിതത്തിൽ നിന്ന് എടുക്കപ്പെടുവാൻ ഇടയാക്കാതെ വിശ്വാസികൾ നോക്കണം.

## പ്രതികാരം

തങ്ങൾക്കുള്ള മുന്നറിയിപ്പായി സ്വീകരിക്കുന്നതിനു പകരം യഹൂദനേതാക്കൾ ഈ ഉപമയെ പ്രതി യേശുവിനോട് പ്രതികാരം ചെയ്യാനാണ് ശ്രമിക്കുന്നത് എന്നത് മറ്റൊരു കാഴ്ച.

## അവസാനം അയക്കപ്പെട്ടവൻ മിശിഹായാണ്.

പാട്ടക്കാർക്ക് അർഹമായ ശിക്ഷ ജറുസലേമിന്റെയും ദേവാലയത്തിന്റെയും നാശത്തിൽ ഉണ്ടായെന്ന് മത്തായി കരുതുന്നു.

## പുതിയ കൃഷിക്കാർ

യേശുവിനെ ദൈവപുത്രനായി ഏറ്റുപറയുന്ന (മത്തായി 16/16) യേശുവിനോട് ഒട്ടിച്ചേർന്നു നിൽക്കുന്ന ഫലം നൽകുന്ന (യോഹ. 15/4-5) പത്രോസിനേയും മറ്റു ശ്ലീഹന്മാരേയും ഏൽപിക്കും.

## യേശുവാകുന്ന മൂലക്കല്ല്

"ഇതാ! തട്ടിവീഴ്ത്തുന്ന കല്ലും ഇടർച്ചയാക്കുള്ള പാറയും; അവനിൽ വിശ്വസിക്കുന്നവർ ലജ്ജിക്കേണ്ടി വരികയില്ല." - റോമാ 9/33. "ഈ കല്ലിനുമേൽ വീഴുന്നവൻ തകർന്നുപോകും. ഇത് ആരുടെ മേൽ വീഴുന്നുവോ അവനെ അതു ധൂളിയാക്കും." - ലൂക്കാ 20/18.

ദാനിയൽ (7/14-27) സ്വപ്നത്തിൽ കാണുന്നത് മലയിൽ നിന്ന് ഉരുണ്ടിറങ്ങുന്ന ഒരു കല്ല് ലോകസാമ്രാജ്യത്തിന്റെ വിഗ്രഹത്തെ തകർക്കുന്നതായാണ്.

യേശുവിന്റെ നിർണ്ണായക സാന്നിദ്ധ്യവും സ്വീകരണവും ആണ് "പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു" (സങ്കീ. 118/22-23) എന്നു അർത്ഥമാക്കുന്നത്.

യേശുവിനെ നിഷേധിക്കുന്നവർ നിത്യനാശം തെരെഞ്ഞെടുക്കുന്നു എന്നതിന്റെ സൂചനയാണ് "ഈ കല്ലിൽ വീഴുന്നവൻ തകർന്നുപോകും..." എന്ന വചനം വഴി നൽകുന്നത്.

യേശുവിലൂടെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും, തെക്കുനിന്നും വടക്കുനിന്നും വിശ്വസിക്കുന്ന ഏവരേയും ഉൾപ്പെടുത്തി സഭ ശക്തിപ്രാപിച്ച് വളർന്നപ്പോൾ ദൈവപിതാവിന്റെ പ്രതികാരം പൂർത്തിയായി. പണിക്കാർ എറിഞ്ഞുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു.

## ദൈവമാണ് നമ്മുടെ അവകാശി

ദൈവത്തെ നാം സൗകര്യപൂർവ്വം മാറ്റിനിർത്തുകയാണോ പതിവ്. ബൈബിൾ വായന, കുടുംബ പ്രാർത്ഥന, ഞായറാഴ്ചയാചരണം, മാതാപിതാക്കളെ ശുശ്രൂഷിക്കൽ, സാധുക്കളെ സഹായിക്കൽ എന്നിവ തിരക്കൊഴിഞ്ഞ് സമയമുണ്ടെങ്കിൽ മാത്രം അനുഷ്ഠിക്കുന്നവയാണോ? ലോകത്തെയും ജഢത്തേയും മാത്രം പ്രീതിപ്പെടുത്തുന്നതാണോ നമ്മുടെ രീതി. സുഖം, സന്തോഷം, സൗകര്യം എന്നിവ മാത്രമാണോ ലക്ഷ്യം.

കുട്ടികളാകുന്ന തോട്ടത്തിൽ നിന്ന് ദൈവത്തെ അകറ്റുന്നുണ്ടോ? പഠനം മാത്രമാണോ ലക്ഷ്യം? ആഴ്ചയിൽ ഇടദിവസങ്ങളിലൊക്കെ കുഞ്ഞുങ്ങളെ സ്കൂളിൽ കൊണ്ടുവിടുന്ന, തിരികെ കൊണ്ടുവരുന്ന മാതാപിതാക്കൾക്ക് ഞായറാഴ്ച പള്ളിയിലവരെ കൊണ്ടുവിടാൻ ബുദ്ധിമുട്ടാണോ? രണ്ടര വയസ്സിൽ നഴ്സറിയിൽ കുട്ടികളെ ചേർക്കുന്നവർ വേദപാഠം തിരിച്ചറിവു വന്നിട്ട് മതിയില്ലേ എന്നു ചോദിക്കുന്നവരാകുന്നു. ആറു വയസ്സിനു മുമ്പാണ് കുട്ടികളുടെ സ്വഭാവരൂപികരണം എന്ന കാര്യമവർ വിസ്മരിക്കുന്നു.

മൂല്യബോധം നൽകുന്നതിലും നാം പരാജയപ്പെടുന്നു. മീനിന്റെ മുള്ളുകളഞ്ഞു കൊടുത്താൽ മാത്രം കഴിക്കുന്ന ടീനേജേഴ്സ്, ചോറ് മിക്സിയിൽ അരച്ചുകൊടുക്കുന്ന മമ്മിമാർ ഇന്നുണ്ട്. തങ്ങൾക്കില്ലാതിരുന്നവ എല്ലാം കുട്ടികൾക്ക് കൊടുക്കാൻ ശ്രമിക്കുന്നവർ, മത്സരിച്ച് സൗകര്യങ്ങളൊരുക്കുന്നവർ, ദൈവവിശ്വാസത്തിന്റെ കാര്യത്തിലും, മൂല്യബോധത്തിന്റെ കാര്യത്തിലും മെനക്കെടാറില്ല.

വിദേശത്തുള്ളവർ ബന്ധുക്കൾ മരിച്ചാൽ സ്വന്തം കുട്ടികളെ അടുത്ത് വിളിച്ചിരുത്തി അവർ നമ്മുടെ കുടുംബത്തിന് ചെയ്ത വിലപ്പെട്ട നന്മകൾ പറഞ്ഞുകൊടുക്കാനും, കുട്ടികളോടൊരുമിച്ച് മരിച്ചുപോയ വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കാനും ശ്രമിക്കാറുണ്ടോ? അങ്ങനെ വളർത്താത്ത കുട്ടികൾ മാതാപിതാക്കൾ ഫ്ളാറ്റിൽ മരിച്ചു കിടന്നാലും ക്രിക്കറ്റ് ബാറ്റെടുത്ത് നാലു റൺസെടുക്കാൻ നോക്കുകയേയുള്ളു. മൃദുലവികാരങ്ങൾ നഷ്ടപ്പെട്ടവരാകും. സ്വന്തക്കാരെല്ലാം അന്യരായി തീരും.

വീട്ടിൽ തനിച്ചാകുന്ന കുട്ടികൾ വളരുമ്പോൾ പുറത്ത് സൗഹൃദങ്ങൾ തുടങ്ങുകയും മാതാപിതാക്കളുടെ സാന്നിധ്യത്തിന് വിലകൽപിക്കാതാവുകയും ചെയ്യും. ഒരുമിച്ച് പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും വേണം.

## കാട്ടുപന്നികൾ

രക്ഷകനു സ്ഥാനമില്ലാത്ത വിശ്വാസത്തിനു സ്ഥാനമില്ലാത്ത ജീവിതങ്ങൾക്ക് എന്തു പറ്റുന്നു? താൽക്കാലികസന്തോഷങ്ങളിൽ കുടുങ്ങുന്നവരായിത്തീരുന്നു അവർ. മുന്തിരിത്തോട്ടം കാട്ടുപന്നികൾ ചവിട്ടി മെതിക്കുന്ന തരിശു ഭൂമിയായി മാറുന്നു.

## പുതിയ ജനത

"ഫലം പുറപ്പെടുവിക്കുന്ന ജനത" എന്നതാണ് പുതിയ സമൂഹത്തിന്റെ സവിശേഷത. യേശുവിനെ സ്വീകരിച്ച് ദൈവശക്തിയിൽ വളരുന്ന സമൂഹമാണത്.

## ഉടമസ്ഥരാകാൻ തിരക്ക്

എല്ലാം വെട്ടിപ്പിടിച്ച് സ്വന്തമാക്കാനും, സ്വയം അനുഭവിക്കാനും, ആർക്കും കണക്കുകൊടുക്കാതിരിക്കാനും, മുഴുവനും കവർന്നെടുക്കുവാനും ഉള്ള ധര ഇവിടെ പ്രകടമാണ്. ഉടമസ്ഥരാകാനുള്ള തിരക്ക് ! ഫലംകൊടുക്കാതെ സ്വന്തമായി സൂക്ഷിക്കുന്നത് പ്രലോഭനമാണ്.

## യജമാനൻ ഉണ്ടാകരുത്

യജമാനൻ ഉണ്ടാകരുതെന്ന് കുടികിടപ്പുകാർ ആഗ്രഹിക്കുന്നു. സൃഷ്ടിയെ അപഹരിക്കുന്നവരെ ഈ കുടികിടപ്പുകാർ പ്രതിബിംബിപ്പിക്കുന്നു. ജീവിതത്തെയും ലോകത്തേയും പരിധികളില്ലാതെ സ്വന്തമാക്കാൻ ശ്രമിക്കുന്നു. ദൈവത്തെ ഒരു ശല്ല്യമായി കരുതുന്നു. ദൈവത്തിന് ഒരർത്ഥവും ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ ദൈവത്തെ ഒരു ഭക്തവാക്യത്തിൽ ഒതുക്കുക്കുകയോ, തീർത്തും നിഷേധിക്കുകയോ, പൊതു ജീവിതത്തിൽ നിന്ന് നിരാകരിക്കുകയോ ചെയ്യുന്നു.

## പ്രവാചകരുടെ കൂലി

ദൈവമനുഷ്യർ കാലാകാലങ്ങളിൽ ഈസ്രായേലിൽ നേരിട്ട പീഢനങ്ങൾ ഓർമ്മിക്കുന്നു.

## നല്ല മുന്തിരി

പ്രവാചകന്മാർ പറയുന്നു, നല്ലമുന്തിരി എന്നത് നീതിയും സത്യസന്ധതയുമാണെന്ന്.

## ആശ്വാസവചനങ്ങൾ

ആശ്വാസവചനങ്ങളൊന്നും ഈ സുവിശേഷ ഭാഗങ്ങളിലില്ലേ? എന്ന ചോദ്യമുയരുന്നു. ഭീഷണിയല്ല അവസാനവാക്ക്.

ഒരു വാഗ്ദാനമുണ്ട്. "ഞാൻ മുന്തിരിച്ചെടിയും നിങ്ങളതിന്റെ ശാഖയുമാകുന്നു. എന്നിൽ വസിക്കുന്നവനിൽ ഞാനും വസിക്കുന്നു. അവൻധാരാളം ഫലം പുറപ്പെടുവിക്കുകയും ചെയ്യും." യോഹ. 15/5

## ദൈവത്തിന്റെ വിധിതീർപ്പ്

"അവളുടെ പാപങ്ങൾ ആകാശത്തോളം കൂമ്പാരം കൂട്ടിയിരിക്കുന്നു. ദൈവം അവളുടെ അക്രമങ്ങൾ ഓർക്കുകയും ചെയ്തിരിക്കുന്നു. ....... അവൾ തന്നെതന്നെ എത്രത്തോളം മഹത്വപ്പെടുത്തുകയും സുഖഭോഗങ്ങൾ അനുഭവിക്കുകയും ചെയ്തുവോ അത്രത്തോളം പീഡനവും ദുഖവും അവൾക്കു നൽകുവിൻ. ...... അഗ്നിയാൽ അവൾ ദഹിപ്പിക്കപ്പെടും. അവളെ വിധിക്കുന്ന കർത്താവ് ശക്തനാണ്." (വെളിപാട് 18/18)

## കോളം തകർത്തപ്പോൾ

1996മാർച്ച് ആദ്യവാരത്തിൽ മുംബൈയിൽ ഒരു അഞ്ചുനിലകെട്ടിടം തകർന്നു വീണു. 27 പേർ മരിച്ചു. ആയിടെ ആ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറും ഫസ്റ്റ് ഫ്ലോറും ഒരുമിച്ച് വാങ്ങിയ അശോക് ജീബായ്ഷാ എന്ന ട്രാൻപോർട്ട് കോൺട്രാക്ടർ താൻ വാങ്ങിയ ഫ്ളാറ്റുകളിൽ കുറെ മാറ്റം വരുത്തിയിരുന്നു. വണ്ടി പാർക്കു ചെയ്യാൻ ചില കോളങ്ങൾ തകർത്തുകളഞ്ഞിരുന്നു.

കോളങ്ങൾ വരുന്നതിനുമുമ്പ് കെട്ടിടത്തിന്റെ ഭാരം താങ്ങിയിരുന്നത് മൂലക്കല്ലിൽ ബലംകൊടുത്ത് പണിതിരുന്ന ഭിത്തികളാണ്. മൂലക്കല്ല് ഉപേക്ഷിച്ചാൽ ഭിത്തിയുടെ ബലം പോകും.

## ബാബേൽ ഗോപുരം

ബാബേൽ ഗോപുരത്തെക്കുറിച്ച് ഉൽപത്തി 11/1-9 നാം വായിക്കുന്നു. പരികൃഷ്തരായ ബാബേൽ നിവാസികൾ തങ്ങളുടെ ശക്തിയും മഹത്വവും അറിയപ്പെടുന്നതിന് വലിയൊരു ഗോപുരം പണിതു, പക്ഷെ തകർന്നു വീണു. അത് ഭിന്നിപ്പിന്റെയും വിഡ്ഢിത്വത്തിന്റെയും പ്രതീകമായി. ദൈവത്തെ വെല്ലുവിളിച്ച് പണിയുന്നതെല്ലാം തകരും.

## യേശു സ്ഥിരതാമസക്കാരൻ

ഇംഗ്ലണ്ട് ഭരിച്ചിരുന്ന വിക്ടോറിയാ രാജ്ഞി ഇടയ്ക്ക് പ്രജകളുടെ വീടുകൾ സന്ദർശിക്കുമായിരുന്നു. ഒരിക്കൽ ഒരു വിധവയുടെ വീട്ടിൽ രാജ്ഞി കയറി. പിന്നീട് അയൽക്കാർ വിധവയോട് തന്റെ വീട്ടിൽ വന്ന ഏറ്റവും ബഹുമതിയാർന്ന വ്യക്തി ആരാണെന്നു ചോദിച്ചു. ഈശോ എന്ന ഉത്തരമാണ് ചോദ്യം ആരാഞ്ഞവർ പ്രതീക്ഷിച്ചത്. പക്ഷെ, അതു രാജ്ഞിയാണെന്നാണ് വിധവ പറഞ്ഞത്. കാരണം ഈശോ എന്നും വീട്ടിൽ വസിക്കുന്നവനും രാജ്ഞി ഒരിക്കൽ വന്നുപോയ അതിഥിയുമാണ്. അവളുടെ ഭവനത്തിന്റെ മൂലക്കല്ല് യേശുവായിരുന്നു.